(ഡി) നിലവിൽ നിർമ്മാണം പൂർത്തിയായ റോഡിൽ റെയിൽവേ ഓവർബ്രിഡ്ജുകളും, ബീച്ചിലെ ഓവർബ്രിഡ്ജും നിർമ്മിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുകയാണോയെന്ന് അറിയിക്കുമോ ;

(ഇ) അല്ലെങ്കിൽ പുതിയ സ്കെച്ചിന്റെയും പ്ലാനിന്റെയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ആലപ്പുഴ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടില്ല. എന്നാൽ 2010 നവംബർ 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അന്നത്തെ കേന്ദ്ര കര- ഗതാഗത വകുപ്പ് മന്ത്രി ശ്രീ. കമൽനാഥുമായി നടന്ന കൂടിക്കാഴ്ചയിലാണ് ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡു നിർമ്മാണം ഒരു പ്രത്യേക പാക്കേജായി പരിഗണിക്കാമെന്ന് തീരുമാനിക്കപ്പെടുന്നത്.

(സി) ആലപ്പുഴ നാലുവരിപ്പാത ബൈപ്പാസും കടപ്പുറം ഭാഗത്തെ ഉയരത്തിലുള്ള നാലുവരി പാതയുടെയും നിർമ്മാണം N.H (O) പ്രവർത്തിയുടെ ഭാഗമായി ഒരു "Special Project" ആയി ഏറ്റെടുക്കാൻ തീരുമാനിച്ചതായി കേന്ദ്ര ഗതാഗത മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ NHAI തയ്യാറാക്കിയ DPR, സംസ്ഥാന പൊതുമരാമത്ത് വകുപ്പ് പരിശോധിച്ച് ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്തിയ ശേഷം എസ്റ്റിമേറ്റ് തുക ഉൾപ്പെടെ അംഗീകാരത്തിനായി കരഗതാഗത മന്ത്രാലയത്തിലേക്ക് സമർപ്പിക്കുവാനും NHAI നിയോഗിച്ചിരുന്ന DPR Consultant-നെ തന്നെ ഉപയോഗിച്ച് ടി പ്രോജക്ടിന്റെ DPR തയ്യാറാക്കി സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഏകദേശം 221 കോടി രൂപയുടെ in Principle Approval ആണ് ലഭിച്ചിരിക്കുന്നത്.

(ഡി&ഇ) ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മാത്രമേ മറ്റ് വിശദാംശങ്ങൾ അറിയുവാൻ സാധിക്കുകയുള്ളു.

ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

240 (1968) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ എൻ.എച്ച്. ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് എത്ര തുക പുതുതായി അനുവദിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള സ്ഥലമല്ലാതെ വീണ്ടും സ്ഥലം ആവശ്യമായി വരുമോ ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ ;

(സി) സ്ഥലം ആവശ്യമെങ്കിൽ നിലവിലെ റോഡിന്റെ ഏതുവശത്തു കൂടിയാണ് പുതിയ സ്ഥലമെടുപ്പെന്നും എന്ന് ഇത് പൂർത്തിയാക്കുമെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആലപ്പുഴ നാലുവരി എൻ.എച്ച്.ബൈപ്പാസ് റോഡിന്റെയും നാലുവരി elevated structures-ന്റെയും പ്രവർത്തനങ്ങൾക്കായി NH (O) പ്രവർത്തിയുടെ ഭാഗമായി ഏകദേശം 221 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു "Special Project" നാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്.

(ബി&സി) നിലവിൽ നാലുവരിപ്പാതയ്ക്ക് ആവശ്യമായ 45 മീറ്റർ വീതി ഉണ്ട്. എന്നാൽ ആലപ്പുഴ ബീച്ച് ഭാഗത്ത് ഏകദേശം 1 കിലോമീറ്റർ നീളത്തിൽ 24 മീറ്റർ മാത്രമേ ഉള്ളു. ആയതിനാൽ ഈ ഭാഗത്ത് elevated highway നിർമ്മിക്കുന്നതിനാണ് ഇപ്പോൾ അംഗീകാരം ലഭിച്ചിരിക്കുന്നത്. ആയതുകൊണ്ട് ഈ ഭാഗത്ത് കൂടുതൽ സ്ഥലമേറ്റെടുക്കൽ വേണ്ടി വരില്ല.

കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

241 (1969) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ആകെ എത്ര തുകയുടെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) ഭരണാനുമതി നൽകിയ റോഡു പ്രവർത്തികളുടെയും കെട്ടിട നിർമ്മാണ പ്രവൃത്തികളുടെയും പേരും തുകയും പ്രത്യേകമായി വെളിപ്പെടുത്തുമോ ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1653.50 ലക്ഷം രൂപയുടെയും കെട്ടിടവിഭാഗത്തിൽ 1786.01 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. കൊട്ടാരക്കര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 208-ലെ അറ്റകുറ്റപ്പണികൾക്ക് 1,04,90850 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കെട്ടിടങ്ങൾ സംബന്ധിച്ചവ അനുബന്ധം 'എ' *ആയും നിരത്തുകളും പാലങ്ങളും സംബന്ധിച്ചവ അനുബന്ധം 'ബി' ആയും ചേർത്തിരിക്കുന്നു.* ദേശീയപാത 208-ലെ കി.മീ. 20 മുതൽ 40 വരെയുള്ള ഭാഗത്തിന്റെ അറ്റകുറ്റപ്പണിക്കായി 1,04,90,850 രൂപ ചെലവഴിച്ചു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly